LIBRARY ARCHIVES Kerala Legislative Assembly

വർക്ക് അസിസ്റ്റന്റ് തസ്തികയിലുള്ള ഒഴിവുകൾ

122 [1261] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ വർക്ക് അസിസ്റ്റന്റ് തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) മേൽ തസ്തികയിൽ എത്ര ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി.-യിൽ വർക്ക് അസിസ്റ്റന്റ് തസ്തികയിൽ എത്ര എം പാനൽ വർക്ക് അസിസ്റ്റന്റുമാർ ജോലി ചെയ്യുന്നുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യിൽ 276 ഒഴിവുകൾ ഉള്ളതായും നിയമനത്തിനാവശ്യമായ അഡ്വൈസ് ലിസ്റ്റ് തയ്യാറാക്കി അയച്ചുതരുവാനും കെ.പി.എസ്.സി.-യെ അറിയിച്ചിരിക്കുകയാണ്. കെ.എസ്.ആർ.ടി.സി.-യിൽ ജില്ല തിരിച്ചല്ല നിയമനം നടത്തുന്നത്. വേക്കൻസി ഉള്ള സ്ഥലങ്ങളിൽ പ്രാദേശികാടിസ്ഥാനത്തിലുള്ളവരെ കഴിവതും കൊടുക്കുകയാണ് പതിവ്.

(ബി) വർക്ക് അസിസ്റ്റന്റ് തസ്തികയിൽ 276 വേക്കൻസി ഉള്ളതായി കെ.പി.എസ്.സി.-യ്ക്ക് കത്തെഴുതിയിരിക്കയാണ്.

(സി) സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി.-യിൽ വർക്ക് അസിസ്റ്റന്റ് തസ്തികയിൽ എം പാനൽ ജീവനക്കാർ ആരുംതന്നെ ജോലി ചെയ്യുന്നില്ല.

വർക്ക് അസിസ്റ്റന്റുമാരുടെ ഒഴിവ്

123 [1262] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ വർക്ക് അസിസ്റ്റന്റ് തസ്തികയിൽ എത്ര ഒഴിവുകളുണ്ട്;

(ബി) ഈ തസ്തികയിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ എത്ര പേർ ഇപ്പോൾ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) വർക്ക് അസിസ്റ്റന്റ് തസ്തികയിൽ പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ട് എത്ര കാലമായി;

(ഇ) ഈ ലിസ്റ്റിൽനിന്നും നിയമനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 276.

(ബി) വർക്ക് അസിസ്റ്റന്റ് തസ്തികയിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ ആരുംതന്നെ ജോലി ചെയ്യുന്നില്ല.